**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 628** **10-02-2025 - ൽ മറുപടിയ്ക്ക്**

**നെടുങ്കുന്നം വീരന്മലയിലെ മണ്ണെടുപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയം ജില്ലയിലെ നെടുങ്കുന്നം പഞ്ചായത്ത് പരിധിയിലുള്ള വീരന്മലയിൽ മണ്ണെടുപ്പ് നടത്തുന്നത് സംബന്ധിച്ച് ജിയോളജി വകുപ്പ് തയാറാക്കിയിട്ടുള്ള എസ്കവേഷൻ പ്ലാനിന്റെ വിശദാംശം ലഭ്യമാക്കുമോ; | (എ) | പ്രസ്തുത സ്ഥലത്തെ മണ്ണെടുപ്പിനുള്ള ഖനനാനുമതിക്കായി സമർപ്പിച്ച രേഖകളിൽ ഉൾപ്പെട്ടതും റെക്കഗ്നൈസ്ഡ് ക്വാളിഫൈഡ് പേഴ്സൺ (ആർ.ക്യു.പി) തയ്യാറാക്കിയതുമായ മൈനിങ് പ്ലാൻ പ്രകാരമാണ് മണ്ണെടുപ്പ് നടത്തുന്നത്. ആയത് പരിശോധിച്ച് അംഗീകരിച്ച് നിലവിൽ 1,15,065 മെട്രിക് ടൺ സാധാരണ മണ്ണ് നീക്കം ചെയ്യുവാനാണ് അനുമതി നൽകിയിട്ടുള്ളത്. |
| (ബി) | പ്രസ്തുത മണ്ണെടുപ്പിൽ അനുവദനീയമല്ലാതെ ചെയ്തിട്ടുള്ള നടപടികളിന്മേൽ സ്വീകരിച്ച ശിക്ഷാനടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | (ബി) | മണ്ണ് നീക്കം ചെയ്യുന്നതിനുള്ള അനുമതി ലഭിക്കുന്നതിന് മുമ്പ്, ഖനനം മുകളിൽ നിന്നും താഴത്തേയ്ക്ക് ചെയ്യുന്നതിനുള്ള വഴി നിർമ്മിക്കുന്ന വേളയിൽ ഖനന സ്ഥലത്തു നിന്നും മണ്ണ് നീക്കം ചെയ്തിട്ടുള്ളതിന് 25,000/- രൂപ കോമ്പൗണ്ടിംഗ് ഫീ ആയി ഈടാക്കിയിട്ടുണ്ട്. |
| (സി) | വീരന്മലയിലെ മണ്ണെടുപ്പ് സംബന്ധിച്ച എസ്കവേഷൻ പ്ലാൻ തയാറാക്കിയപ്പോൾ പ്രസ്തുത സ്ഥലത്തിന് തൊട്ടുമുകളിലായി സ്ഥിതി ചെയ്യുന്ന വാട്ടർ അതോറിറ്റിയുടെ ജലസംഭരണിയുടെയും അതിന് സമീപത്തായുള്ള വലിയ കുളത്തിന്റെയും സുരക്ഷിതത്വം കണക്കിലെടുത്തിരുന്നോയെന്ന് വ്യക്തമാക്കാമോ; | (സി) | വാട്ടർ ടാങ്കിന്റെയും കുളത്തിന്റെയും നിയമപരമായ പരിധിയ്ക്ക് പുറത്താണ് ഖനനാനുമതി നൽകിയ സ്ഥലം സ്ഥിതി ചെയ്യുന്നത്. |
| (ഡി) | ഈ പ്രദേശം ഭൂകമ്പസാധ്യതയുള്ള പ്രദേശമായി ഐഡന്റിഫൈ ചെയ്തിട്ടുള്ളതാണോ; എങ്കിൽ മണ്ണെടുപ്പിന് അനുമതി നൽകിയപ്പോൾ അത് പരിഗണിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ഡി) | കേരള സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി (കെഎസ്ഡിഎംഎ) തയ്യാറാക്കിയ ലാൻഡ്സ്ലൈഡ് സസപ്റ്റിബിലിറ്റി മാപ്പ് പ്രകാരം ടി സ്ഥലം ഉരുൾപൊട്ടൽ സാധ്യതയുള്ള റെഡ്/ ഓറഞ്ച് സോണിൽ ഉൾപ്പെടുന്നില്ല. പഞ്ചായത്തിന്റെ പ്രഖ്യാപനം മൈനിംഗ് & ജിയോളജി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | 2018-ൽ ഉണ്ടായ പ്രളയത്തിന് ശേഷം വീരന്മല ദുരന്ത സാധ്യതാ പ്രദേശമായി നെടുങ്കുന്നം പഞ്ചായത്ത് പ്രഖ്യാപിച്ചത് സംബന്ധിച്ച വിവരങ്ങൾ | (ഇ) | കേരള സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി (കെഎസ്ഡിഎംഎ) തയ്യാറാക്കിയ ലാൻഡ്സ്ലൈഡ് സസപ്റ്റിബിലിറ്റി മാപ്പ് പ്രകാരം |

| | | | |
|---|---|---|---|
| | ജിയോളജി വകുപ്പ് പരിഗണിച്ചിട്ടുണ്ടോ; ഇല്ലായെങ്കിൽ അത് പരിഗണിക്കാൻ നടപടി സ്വീകരിക്കാമോ; | | ടി സ്ഥലം ഉരുൾപൊട്ടൽ സാധ്യതയുള്ള റെഡ്/ ഓറഞ്ച് സോണിൽ ഉൾപ്പെടുന്നില്ല. പഞ്ചായത്തിന്റെ പ്രഖ്യാപനം മൈനിംഗ് & ജിയോളജി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (എഫ്) | മണ്ണെടുപ്പിനായി അനുമതി നൽകുന്നതും റോയൽറ്റി അടയ്ക്കുന്നതും സംബന്ധിച്ച അളവ് മാനദണ്ഡം അറിയിക്കാമോ; ലോഡിന്റെ എണ്ണത്തിനാണോ മെട്രിക് ടൺ കണക്കിലാണോ റോയൽറ്റിയും പെർമിറ്റും കണക്കാക്കുന്നതെന്ന് വ്യക്തമാക്കാമോ; ലോഡ് കണക്കിലാണെങ്കിൽ ഒരു ലോഡ് എന്നത് എത്ര ടൺ എന്ന് നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (എഫ്) | മൈനിംഗ് പ്ലാൻ പ്രകാരം മെട്രിക് ടണ്ണിലുള്ള അളവിനാണ് മുൻകൂർ റോയൽറ്റി അടയ്ക്കുന്നതും അനുമതി നൽകുന്നതും. |

സെക്ഷൻ ഓഫീസർ